കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ള ഉപയോഗത്തിലില്ലാത്ത VEO ഓഫീസ്-ക്വാർട്ടേഴ് സ് കെട്ടിടം NRHM ആയുർവേദ ആശുപത്രിക്ക് താൽക്കാലികമായി വിട്ടുനൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) 2563/16/തസ്വഭവ** **തിരുവനന്തപുരം, തീയതി, 31.08.2016**

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 07.04.2015 ലെ 489/ജെ.ആർ.വൈ.2/2013/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

നീലേശ്വരം നഗരസഭയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന NRHM ആയുർവേദ ആശുപത്രിക്കു സുഗമമായി പ്രവർത്തിക്കാൻ ആവശ്യമായ സ്ഥല സൗകര്യം ഇല്ലാത്തതിനാൽ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള നിലവിൽ ഉപയോഗിക്കാത്ത VEO ഓഫീസ് കം ക്വാർട്ടേഴ് സ് കെട്ടിടം വിട്ടുനല്കണമെന്ന നീലേശ്വരം നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് പരാമർശ കത്ത് പ്രകാരം അയച്ചുതരുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ളതും നിലവിൽ ഉപയോഗിക്കാത്തതുമായ VEO ഓഫീസ് കം ക്വാർട്ടേഴ് സ് കെട്ടിടം, നീലേശ്വരം നഗരസഭയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന NRHM ആയുർവേദ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്കായി നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള വാടക ഈടാക്കിക്കൊണ്ടു താൽക്കാലികമായി വിട്ടുനൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡി.സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, നീലേശ്വരം (ഗ്രാമവികസന കമ്മീഷണർ മുഖേന)

5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്